# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1437 — 12.07.2011-ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

ശ്രീ. പി.റ്റി.എ.റഹീം

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

## സംസ്ഥാനത്ത് ശമ്പളം, പെൻഷൻ, പലിശ എന്നിവയുടെ മൊത്തം ചെലവ്

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് ശമ്പളം, പെൻഷൻ, പലിശ എന്നിവയുടെ ചെലവ് മൊത്തം റവന്യൂ ചെലവിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ; ഓരോന്നിനും പ്രത്യേകം എത്ര തുക വീതമെന്ന് വെളിപ്പെടുത്തുമോ; | 2011-12-ലെ ബജറ്റ്പ്രകാരം സംസ്ഥാനത്ത് ശമ്പളം, പെൻഷൻ, പലിശ എന്നിവയുടെ ചെലവ് മൊത്തം റവന്യൂ ചെലവിന്റെ 67.07% ആണ്. പ്രസ്തുത ബജറ്റിൽ ശമ്പളത്തിനായി 16325.89 കോടി രൂപയും പെൻഷനായി 7310.91 കോടി രൂപയും പലിശയിനത്തിലുള്ള ചെലവുകൾക്കായി 6254.56 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. |
| (ബി) | 2011-12 വർഷം പ്രസ്തുത റവന്യൂ ചെലവിന്റെ എത്ര ശതമാനം വർദ്ധന വരുമെന്നാണ് ധനസൂചകങ്ങൾ പ്രകാരം കണക്കാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ? | 2010-11-ലെ പുതുക്കിയ എസ്റ്റിമേറ്റുമായി താരതമ്യം ചെയ്യുമ്പോൾ 2011-12-ലെ ബജറ്റിൽ ശമ്പളം, പെൻഷൻ, പലിശ എന്നിവ ചേർന്നുള്ള റവന്യൂ ചെലവിൽ 32.05 ശതമാനത്തിന്റെ വർദ്ധനവാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ